# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**No. 22/2022**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,
നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് സമാരംഭിച്ച കാരുണ്യപ്രവർത്തനങ്ങൾ സമൂഹത്തിൽ അവശത അനുഭവിക്കുന്ന അനേകർക്ക് അനുഗ്രഹദായകമായിരുന്നു. യേശുക്രിസ്തുവിന്റെ സ്നേഹം അനേകരുടെ ഹൃദയങ്ങളിൽ പകർന്നു നൽകുവാനും, ജാതി-മത ഭേദമെന്യേ എല്ലാവരേയും സഹോദരതുല്യം കരുതുവാനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചു. പ. ബാവാ തിരുമനസ്സിന്റെ സ്നേഹസ്പർശം നിറഞ്ഞ പ്രവർത്തനങ്ങൾ നിലനിർത്തുന്നതിന് തിരുമേനിയുടെ സ്മരണാർത്ഥം 'സഹോദരൻ' എന്ന നാമത്തിൽ നമ്മുടെ ജന്മദിനമായ ഫെബ്രുവരി 12-ന് ഒരു സാമൂഹ്യസേവന പദ്ധതി ആരംഭിക്കുന്ന വിവരം സന്തോഷപൂർവ്വം നാം നിങ്ങളെ അറിയിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള ഈ സഹായപദ്ധതിയിൽ ഭവന നിർമ്മാണം, വിവാഹം, വിദ്യാഭ്യാസം, ചികിത്സ (ക്യാൻസർ-വൃക്ക-ഹൃദയ-പക്ഷവാത-മാനസിക രോഗികൾക്ക്), ബുദ്ധിമാന്ദ്യവും അംഗവൈകല്യമുള്ളവർക്കുള്ള സംരക്ഷണം, മുതിർന്ന പൗരന്മാരെ കരുതൽ, അസംഘടിത തൊഴിലാളികൾക്കുള്ള പെൻഷൻ എന്നീ ഏഴ് സേവനമേഖലകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

സർവ്വശക്തനായ ദൈവം നമ്മുടെ ഏവരുടെയും പിതാവാകയാൽ ജാതി-മത ഭേദമെന്യേ മനുഷ്യരായ നാം ഏവരും ദൈവത്തിന്റെ മക്കളും പരസ്പരം സഹോദരങ്ങളും ആണല്ലോ. അതുകൊണ്ട് ഈ പദ്ധതിയുടെ ഉപഭോക്താക്കൾ പ്രയാസവും ദു:ഖവും അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളാണ്. സർവ്വമത സമഭാവനയോടെ സുമനസ്സുകളായ ഏവർക്കും ഈ സദുദ്യമത്തിൽ പങ്കാളികളാകാം. എളിയവരെ സഹായിക്കുന്നത് നമ്മുടെ കടമയും പ്രേഷിത പ്രവൃത്തിയിൽ പ്രഥമ ഗണനീയ കർമ്മവുമാണ്. ഈ ഏഴു പദ്ധതികൾക്കുമായി ഓരോ വർഷവും ഗണ്യമായ ഒരു തുക സമാഹരിച്ചു നൽകുവാനാണ് നാം ലക്ഷ്യമിട്ടിരിക്കുന്നത്.

ജാതി-മതഭേദമെന്യേ ഈ ഉദ്യമത്തിൽ ഭാഗഭാക്കാകുന്നവരെ ചേർത്ത് ഒരു 'സോദരസംഘം' രൂപീകരിക്കുവാൻ നാം ആഗ്രഹിക്കുന്നു. നിങ്ങളുടെയും കുടുംബാംഗങ്ങളുടെയും ജന്മദിനത്തിൽ ഒരു സംഭാവന നൽകി 'സോദരസംഘത്തിൽ' അംഗങ്ങളാകണം. നിങ്ങൾ ജന്മദിന സമ്മാനമായി നൽകുന്ന ചെറുതും വലുതുമായ സംഭാവനകളും, ബലഹീനനായ നമുക്ക് വ്യക്തിപരമായി ലഭിക്കുന്ന തുകയും ചേർത്ത് ബൃഹത്തായ നിലയിൽ ഈ പദ്ധതി നിർവ്വഹിക്കുവാനാണ് നാം ആഗ്രഹിക്കുന്നത്. ഈ പദ്ധതിയുടെ ഓഡിറ്റ് ചെയ്ത വാർഷിക കണക്ക് മലങ്കര സഭയുടെ പൊതു അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നതും പ്രതിമാസ പ്രവർത്തനങ്ങൾ സഭാ മാസികയിൽ പ്രസിദ്ധീകരിക്കുന്നതുമായിരിക്കും. നമ്മുടെ ജന്മദിനം സഹോദരങ്ങളുടെ കണ്ണുനീരൊപ്പുന്ന സന്ദർഭമായിത്തീരട്ടെ. ദൈവസ്നേഹം സഹോദര സ്നേഹത്തിലൂടെ നമുക്ക് പ്രാവർത്തികമാക്കാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2022 ഫെബ്രുവരി മാസം 02-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

NB: നിങ്ങളുടെ ജന്മദിന സംഭാവന താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലും അക്കൗണ്ടിലും അയച്ചു നൽകണം. നിങ്ങളുടെ വിലാസവും, ഇ-മെയിൽ ഐഡിയും, മൊബൈൽ നമ്പറും കൂടി അയച്ചു നൽകണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

**Baselios Marthoma Mathews III**
**Catholicate Aramana, Devalokam**
**Kottayam - 686004, India.**

***Indian Currency***
**SBI, Devalokam Branch, Kottayam**
**A/c Name: Baselios Marthoma Mathews III**
**A/c No.: 40745533818, IFSC: SBIN0070820**

***Foreign Currency***
**SBI, New Delhi Main Branch**
**A/c Name: Malankara Orthodox Syrian Church**
**A/c No. 40059833606 (FCRA Savings Account)**
**IFSC: SBIN0000691, SWIFT: SBININBB104**